

# പ്രഭാകരയോഗി

**കൊട്ടാരത്തിൽ ശങ്കുണ്ണി**

**ഹ**രിപ്പാടിനടുത്ത് പള്ളപ്പാട് എന്നൊരു ദേശമുണ്ട്. അവിടെ നാടാലയ്ക്കൽ എന്നൊരു ഗൃഹവുമായി പ്രഭാകരസിദ്ധയോഗിക്ക് നിത്യസമ്പർക്കമുണ്ടായിരുന്നു. കാലം കൊ.വ. 933-973. കാർത്തിക തിരുനാൾ രാമവർമ്മ മഹാരാജാവ് നാടുവാണുകൊണ്ടിരിക്കവേ ഭാര്യാഗൃഹമായിരുന്നു അത്. തേവലശ്ശേരി നമ്പി എന്ന ഒരു മഹാ വിദ്വാന്റെ ആശ്രിതനായിരുന്നു കുഞ്ചിക്കുട്ടിപ്പിള്ള.

പ്രഭാകരയോഗി അതിരാവിലെ ചങ്ങനാശ്ശേരിയിലൂടെ പോകവേ വള്ളക്കടവിൽ സൊറ പറഞ്ഞിരുന്ന അഞ്ചാറ് ചെറുപ്പക്കാർ ദുരർത്ഥത്തിൽ അദ്ദേഹത്തോട് എന്തൊക്കെയോ പറഞ്ഞു കളിയാക്കി.

'രാത്രി എവിടെയായിരുന്നു. ഇത്ര പുലർച്ചെ എന്തിനാണ് എഴുന്നേറ്റത്? താടിയും മുടിയും കളഞ്ഞ് ഞങ്ങളുടെ കൂടെ കൂടിയാൽ വേണ്ടില്ല! നല്ല തടി ഉണ്ടല്ലോ?'

ഏതാണ്ടിപ്രകാരമായിരുന്നു അവരുടെ പദപ്രയോഗം! യോഗികൾ അവരുടെ അടുത്തു ചെന്ന് എല്ലാവരേയും സൂക്ഷിച്ചു നോക്കി. അറപ്പിച്ച് ഉരുപ്പടിയാക്കി മാറ്റുന്നതിന് ചെത്തിമിനുക്കിയിട്ട ഒരു കൂറ്റൻ ആഞ്ഞിലിത്തടിയിലാണ് ആറുപേരും നിരന്നിരുന്നത്. യോഗി ചോദിച്ചു.

'എത്ര കൂലി തരും?' അവരിലൊരാൾ പറഞ്ഞു.

'ഒരു ബ്രിട്ടീഷ് രൂപ തരും. ഈ തടി വള്ളത്തിൽ കയറ്റുകയാണ് ജോലി.'

'ശരി സമ്മതം. നിങ്ങൾ അവിടെ ഇരിക്കുക.' ഇത്രയും പറഞ്ഞ് യോഗി നടന്നുമറഞ്ഞു. അനന്തരം എന്തു സംഭവിച്ചുവെന്നോ? ആ ചെറുപ്പക്കാർ കൊത്തിവച്ച പാവകൾപോലെ ആ തടിപ്പുറത്ത് നിശ്ചലരായി ഇരുന്നു. ആർക്കും അനങ്ങിക്കൂടാ. സംസാരിച്ചുകൂട. നേരം കുറെക്കഴിഞ്ഞു. ചുറ്റുപാടുമുള്ളവരും ആ ചെറുപ്പക്കാരുടെ ബന്ധുമിത്രാദികളും അറിഞ്ഞും



കേട്ടും ഓടിക്കൂടി. സ്ത്രീകൾ അലമുറയിട്ട് കരയുവാൻ തുടങ്ങി. പലരും കൂടിപിടിച്ച് വലിച്ചിട്ടും തടിപ്പുറത്തുനിന്നും മാറുന്നില്ല. കാന്തവും ഇരുമ്പും ചേർന്ന മട്ടിൽ ഉറച്ചിരിക്കുന്നു!

തേവലശ്ശേരി നമ്പിയുടെ ആവശ്യത്തിന് തടിപ്പണിക്ക് വന്നവരായിരുന്ന അവർ. വിവരമറിഞ്ഞ് നമ്പി സ്ഥലത്തുവന്നു. സാഹചര്യങ്ങൾ കണ്ടതിനുശേഷം നമ്പി അവിടെ കൂടിനിന്നവരോട് 'ഇതിലെ ആരെങ്കിലും വിശേഷിച്ച് വന്നിരുന്നോ' എന്ന് തിരക്കി. വള്ളക്കടവിൽ കരിപ്പെട്ടിക്കാപ്പി വിറ്റു

കൊണ്ടിരുന്ന ഉമ്മ 'താടിയും മുടിയും ഉള്ള ഒരാൾ ഇവരുമായി സംസാരിക്കുന്നത് കേട്ടു' എന്നു പറഞ്ഞു.

താടിയും മുടിയുമുള്ള ആ മനുഷ്യനെത്തേടി നാനാദിക്കിലൂടെ ആളുകൾ ഓടിത്തുടങ്ങി. അക്കാലത്ത് ജനബാഹുല്യം നന്നെ കുറവായിരുന്നു. വിശേഷിച്ചൊരാളെ കാണുന്നതായാൽ ഏവരും ശ്രദ്ധിക്കുമായിരുന്നു. മദ്ധ്യാഹ്നത്തോടുകൂടി ശ്രീവല്ലഭസ്വാമി ക്ഷേത്രത്തിൽ (തിരുവല്ല)വച്ച് യോഗിയെ കണ്ടുമുട്ടി. സായാഹ്നത്തോടുകൂടി നമ്പിയും, അനുയായികളും യോഗിയുടെ അരികിലെത്തി. ഉദ്ദേശ്യമനുസരിച്ച് അവർ പല കാഴ്ചവസ്തുക്കളുമായിട്ടാണ് വരവ്! ഏതാണ്ട് നൂറിൽത്താഴെ ജനങ്ങൾ.

നമ്പി അവിവേകത്തിന് മാപ്പു ചോദിച്ചു. അവർ കൊണ്ടുവന്ന പഴവും, കൽക്കണ്ടവും മറ്റും അവർക്കുതന്നെ വിതരണം ചെയ്തു. നമ്പിയുടെ കാതിൽ എന്തോ പറഞ്ഞു. വളരെവേഗം അവർ തിരിച്ച് ചങ്ങനാശ്ശേരിയിൽ എത്തി. അവരുടെ കാതുകളിൽ നമ്പി യോഗി പറഞ്ഞുവിട്ട മന്ത്രം ഉച്ചരിച്ചു. ഓരോരുത്തരായി വേഗം പിടഞ്ഞെഴുന്നേൽക്കുകയും ചെയ്തു.

പിന്നീട് നമ്പിയുടെ അപേക്ഷയനുസരിച്ച് കുഞ്ചിക്കുട്ടിപ്പിള്ളയെ അനേകം വിദ്യകൾ അഭ്യസിപ്പിച്ചുകൊണ്ട് യോഗികൾ നാടാലയ്ക്കൽ ഭവനത്തിൽ പാർത്തിരുന്നു. രാജാ കേശവദാസനും മറ്റും യോഗിയുടെ പരിചയസീമയിൽ വന്നതും അക്കാലത്താണ്.

(ലക്ഷ്മീഭായി ഗ്രന്ഥാവലി) 1909 തൃശൂർ